# മാലിന്യ സംസ്കരണത്തിലെ തളിപ്പറമ്പ് മാതൃക

മാലിന്യ സംസ്കരണത്തെ വിഭവ പരിപാലനം എന്ന സുസ്ഥിര വികസന കാഴ്ചപ്പാടിന്റെ മാതൃകയിൽ നോക്കി കാണുകയും ആ രീതിയിലുള്ള നടപടികളും പദ്ധതികളുമായി മുന്നോട്ടു പോകുകയുമാണ് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി. മാലിന്യ സംസ്കരണത്തിലെ വിജയമാതൃക സൃഷ്ടിക്കുന്നതിന് ലോകോത്തര സാങ്കേതിക വിദ്യ അന്വേഷിച്ചു പോകേണ്ടതില്ല. മറിച്ച് കൃത്യമായ ബിസിനസ് പ്ലാനും ദൈനംദിന മോണിറ്ററിംഗും സാധ്യമാക്കുകയാണ് വേണ്ടത് എന്നതിന് തെളിവാണ് തളിപ്പറമ്പ്. ഇവർ സാങ്കേതിക വിദ്യയെ ആശ്രയിക്കുന്നത് മാലിന്യം സംസ്കരിക്കുന്നതിനായല്ല മറിച്ച് ശേഖരണം, യൂസർ ഫീ കളക്ഷൻ, സേവനം ഉറപ്പാക്കൽ, അളവ് തിട്ടപ്പെടുത്തൽ തുടങ്ങിയ മാനേജ്മെന്റ് രീതികൾക്കാണ്.



**ശ്രീ. മുഹമ്മദ് അള്ളാംകുളം**
**ചെയർമാൻ**



**ശ്രീ. അഭിലാഷ്**
**സെക്രട്ടറി**

കണ്ണൂർ ജില്ലയിൽ 43.08 ച.കി.മീറ്ററിലായി വ്യാപിച്ച് കിടക്കുന്ന തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ 44 വാർഡുകളും പതിനേഴായിരത്തോളം വീടുകളുമാണ് ഉള്ളത്. നഗരസഭയുടെ ആകെ ജനസംഖ്യ 67441 – ഉം ജനസാന്ദ്രത 1398 – ഉം ആണ്. ജനസാന്ദ്രതയേറിയ നഗരസഭയ്ക്ക് കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന മാലിന്യം വലിയ തലവേദനയാണ് സൃഷ്ടിച്ചിരുന്നത്. നാൾക്കുനാൾ പ്രശ്നം രൂക്ഷമായി കൊണ്ടിരിക്കെ 2015–16 കാലയളവിലാണ് മാലിന്യ ശേഖരണത്തിനായി നഗരസഭയിൽ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് ഒരു പദ്ധതി സമർപ്പിക്കുന്നത്. പദ്ധതി പ്രകാരം നഗരസഭയിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ പ്ലാസ്റ്റിക് പാഴ്വസ്തുക്കളും അതോടൊപ്പം ഗ്ലാസ്, തുണി, ഇ-വേസ്റ്റ്, ചെരുപ്പ്, ബാഗ് എന്നീ 5 ഇനങ്ങളിൽ ഒരു ഇനവും ഓരോ മാസവും മാറി മാറി ശേഖരിക്കും. ഇവ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ബാഗുകൾ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് വീടുകൾക്കും, സ്ഥാപനങ്ങൾക്കും ലഭ്യമാക്കി. ശേഖരിക്കുന്നതിനായി ഓരോ വാർഡിലേയും വീടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം ഇവയുടെ അകലം, ഓരോ വാർഡിലും ആകെ സഞ്ചരിക്കേണ്ട ദൂരം എന്നിവ കണക്കാക്കി ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിച്ചു. നഗരസഭയിൽ ആകെയുള്ള 34 വാർഡുകളിലെ 15150 മാലിന്യ ഉറവിടങ്ങളിൽ (വീടുകൾ, സ്ഥാപനങ്ങളിൽ) നിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനായി 34 ജോലിക്കാരെ ഹരിതകർമ്മസേനാംഗങ്ങളായി (HKS) തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിച്ചു.



**ഹരിതകർമ്മസേന**

## പ്രാരംഭ പ്രവർത്തനം

ആദ്യഘട്ടത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള പാഴ്‌വസ്തുക്കളുടെ അളവ് മനസിലാക്കുന്നതിനും ശേഖരണ പരിപാടിയെകുറിച്ചും അതിനായി വീടുകളും സ്ഥാപനങ്ങളും നൽകേണ്ടുന്ന യൂസർ - ഫീ സംബന്ധിച്ചും ഒരു ചെറിയ തുക യൂസർ ഫീ ഇനത്തിൽ നൽകുന്നതുമൂലമുള്ള വലിയ മെച്ചങ്ങളെകുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി 5 പേരടങ്ങുന്ന സന്നദ്ധപ്രവർത്തകരുടെ സംഘം ഓരോ വാർഡിലും വീടുവീടാന്തിരം കയറിയിറങ്ങി ബോധവത്ക്കരണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

ഇതിലൂടെ പരമാവധി ആളുകളെ പദ്ധതിയുമായി സഹകരിപ്പിക്കാൻ സാധിച്ചതിന് പുറമേ ദൈനംദിനം ശേഖരിക്കേണ്ട മാലിന്യത്തിന്റെ അളവ്, അവ ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും ആവശ്യമായി വരുന്ന തൊഴിലാളികളുടെ എണ്ണം തരംതിരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായി വരുന്ന സ്ഥലസൗകര്യം എന്നിവ സംബന്ധിച്ച് ഒരു ധാരണ ഉണ്ടാകുന്നതിന് സാധിച്ചു. ഇതിന് പുറമേ പരിപാടിയുടെ മേൽനോട്ടം സാങ്കേതിക വിദ്യയുടെ സഹായത്തോടെ സുഗമവും, കൃത്യവും, ചെലവ് കുറഞ്ഞതും ആക്കുന്നതിനായി നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് 'നെല്ലിക്ക' എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും ഇതിലൂടെയുള്ള മോണിറ്ററിംഗ് ഉറപ്പാക്കുന്നതിന് ഓരോ വീടുകളിലും/സ്ഥാപനങ്ങളിലും QR code പതിപ്പിക്കുകയും ചെയ്തു.



**മാലിന്യ നിർമാർജനം; തളിപ്പറമ്പ നഗരസഭയുടെ 'നെല്ലിക്ക' ആപ്പ് ശ്രദ്ധേയമായി**

തളിപ്പറമ്പ: മാലിന്യ സംസ്കരണത്തിന് മികച്ച മാതൃകകൾ അവതരിപ്പിച്ച് ശുചിത്വ മികവ് പദ്ധതി. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ പരിപാടിയിലാണ് മികച്ച സംസ്കരണ മാതൃകകൾ അവതരിപ്പിച്ചത്. ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന പരിപാടി സംസ്ഥാന ജൈവ വൈവിധ്യ ബോർഡംഗം കെ.വി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്ലാനിങ് ഓഫീസർ കെ. പ്രകാശൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ അവതരിപ്പിച്ച് തിരഞ്ഞെടുക്കപ്പെട്ട 24 പഞ്ചായത്തുകളും മൂന്ന് നഗരസഭകളുമാണ് ജില്ലാ തലത്തിൽ മാതൃക അവതരിപ്പിച്ചത്. മാലിന്യ സംസ്കരണത്തിന് മികച്ച മാതൃക കാഴ്ച വെച്ച തളിപ്പറമ്പ നഗരസഭയെയും സംസ്ഥാനതല മത്സരത്തിലേക്ക് തിരഞ്ഞെടുത്തു. മട്ടന്നൂർ, ആന്തൂർ നഗരസഭകളും നഗരസഭാ വിഭാഗ സംസ്ഥാന തല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പാപ്പിനിശേരി, കോളയാട്, കുറുമാത്തൂർ, പരിയാരം, ചെങ്ങളായി, പടിയൂർ പഞ്ചായത്തുകൾ പഞ്ചായത്ത് വിഭാഗങ്ങളിലേക്കും സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തളിപ്പറമ്പ നഗരസഭയുടെ മാലിന്യ സംസ്കരണത്തിനായുള്ള 'നെല്ലിക്ക' എന്ന മൊബൈൽ ആപ്പ് ഏറെ

മാലിന്യ ശേഖരണ ദിവസം, സമയം, പ്ലാസ്റ്റിക്കിനോടൊപ്പം ഓരോ മാസവും ശേഖരിക്കുന്ന മറ്റ് പാഴ്‌വസ്തു - ഇനം ഏത് തുടങ്ങിയ വിവരങ്ങൾ വീടുകളിൽ മൊബൈൽ സന്ദേശമായി ലഭിക്കുകയും ആളുകൾക്ക് പാഴ്‌വസ്തുക്കൾ കൈമാറുന്നതിനായി തയ്യാറാക്കി വയ്ക്കുന്നതിനും യൂസർ-ഫീ തുക കരുതി വയ്ക്കുന്നതിനും സാധിക്കുന്നു.

ഓരോ ദിവസവും സേവനം നൽകുന്ന വീടുകളുടെ എണ്ണം ഓരോ വീട്ടിൽ നിന്നും കൈമാറിയ പാഴ്‌വസ്തുക്കളുടെ അളവ്, യൂസർ-ഫീ പിരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവയെല്ലാം മൊബൈൽ ആപ്ലിക്കേഷനിലൂടെ സൂപ്പർവൈസർക്ക് ലഭ്യമാകുകയും ഇതിലൂടെ കൃത്യമായ മോണിറ്ററിംഗ് സാധ്യമാവുകയും ചെയ്യുന്നു. കൂടാതെ ഓരോ ജീവനക്കാർക്കും നിശ്ചയിച്ച് നൽകിയിട്ടുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സേവനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തി പരാതികൾക്ക് ഇടയാകാത്ത വിധം പരിഹരിക്കുന്നതിനും സാധിക്കുന്നു.

**ശേഖരണം തരംതിരിവ് ലോഡിംഗ് പരിശീലനം**



പാഴ്‌വസ്തുക്കൾ കൂട്ടികലർത്തി മാലിന്യമാകാൻ ഇടവരുത്താതെ തരംതിരിച്ച് കൈകാര്യം ചെയ്താൽ അവ മൂല്യമുള്ള അസംസ്കൃത വസ്തുക്കൾ തന്നെയാണ്. എന്നാൽ ഇവ ശേഖരിച്ച് അനേക ഇനങ്ങളായി തരംതിരിച്ച് ലോഡിംഗ് നടത്തി ഗതാഗത ചെലവ് വഹിച്ച് പരിപാലിക്കണമെങ്കിൽ വലിയ ചെലവുള്ള കാര്യം തന്നെയാണ്. അതുകൊണ്ടു തന്നെ കാര്യക്ഷമത അത്യാവശ്യ മായിട്ടുള്ള ഒരു പ്രവർത്തന മേഖലയാണിത്. സേവനം നൽകേണ്ട വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീയിൽ നിന്നുമാണ് പ്രധാനമായും പ്രവർത്തനചെലവിനുള്ള തുക കണ്ടെത്തേണ്ടത്. ആയതിനാൽ തന്നെ യാതൊരുവിധ പരാതിയ്ക്കും ഇടനൽകാതെ കൃത്യമായി സേവനം നൽകുകയും ശേഖരിക്കുന്ന പാഴ്‌വസ്തുക്കളിൽ നിന്നും മൂല്യമുള്ളവ പരമാവധി റിക്കവർ (recover) ചെയ്ത് എടുക്കേണ്ടതും ആവശ്യമാണ്. മാത്രവുമല്ല ഇങ്ങനെ റിക്കവർ ചെയ്യുന്നവയിൽ ബേലിംഗ്, ഷ്രെഡിംഗ് എന്നിവ ചെയ്യേണ്ടവ ആയത് നടത്തണം. കുറഞ്ഞ സമയത്ത് പരമാവധി ബേലിംഗ് /ഷ്രെഡിംഗ് ചെയ്യുന്നതിന് പരിശീലനം അത്യാവശ്യമാണ്. കൂടാതെ മാലിന്യപരിപാലനത്തിലെ വലിയ വെല്ലുവിളി എന്നുപറയുന്നത് പരിപാലന/ സംസ്കരണ കേന്ദ്രത്തിലേയ്ക്കുള്ള ഗതാഗതവും അതിനുള്ള ചെലവുകളുമാണ്. ഇവിടെയാണ് ബേലിംഗ്, വണ്ടിയിലേയ്ക്കുള്ള ലോഡിംഗ് എന്നിവയുടെ പ്രാധാന്യം. ഇത് വൈദഗ്ദ്യം ഉള്ള ആളുകൾ ചെയ്തില്ലെങ്കിൽ വലിയ സാമ്പത്തിക ചെലവിന് ഇടയാക്കും. ഇതിനായി ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ള ആളുകളെ കണ്ടെത്തി ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇതിലൂടെ തരംതിരിവ്, ബേലിംഗ്, ലോഡിംഗ് എന്നീ മേഖലയിൽ പരമാവധി കാര്യക്ഷമത കൈവരിക്കുന്നതിന് സാധിച്ചു. സാധാരണഗതിയിൽ

125 മുതൽ 135 വരെ കിലോഗ്രാം തൂക്കം ഉണ്ടായിരുന്ന ഓരോ ബേലിംഗ്-ബ്ലോക്കുകളും പരിശീലനം ലഭിച്ച പ്രാവീണ്യമുള്ള ആളുകൾ ഈ ജോലി ചെയ്യാൻ തുടങ്ങിയതോടുകൂടി 150-155 കിലോഗ്രാമായി ഉയർത്തുന്നതിന് സാധിച്ചു. ഇതോടെ 18 ടൺ കപ്പാസിറ്റിയുള്ള വാഹനത്തിൽ മുമ്പ് 12 ടൺ മാത്രം കയറ്റിയിരുന്ന സ്ഥാനത്ത് 14 ടണ്ണോളം കയറ്റുന്നതിന് ഇപ്പോൾ സാധിക്കുന്നു. ഇങ്ങനെയുള്ള ഒരു വാഹനത്തിന് അറുപതിനായിരം രൂപയോളം മുടക്കി ഗുജറാത്തിലേയ്ക്കും മറ്റും, ട്രാൻസ്പോർട്ട് ചെയ്തിരുന്നപ്പോൾ ഒരു കിലോ പാഴ്‌വസ്തുവിന്റെ ശരാശരി കടത്തുകൂലി 5 രൂപയോളം ആയിരുന്നത് ഇപ്പോൾ 4.25 രൂപയായി കുറയ്ക്കുന്നതിന് സാധിക്കുന്നു.

മുനിസിപ്പാലിറ്റിയുടെ മാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആകെ ജീവനക്കാർ

**ദിവസേന കൈകാര്യം ചെയ്യപ്പെടുന്ന മാലിന്യം**

| | |
|---|---|
| കട്ടികുറഞ്ഞ പ്ലാസ്റ്റിക് | 250 |
| കട്ടി കൂടിയ പ്ലാസ്റ്റിക് | 100 |
| പേപ്പർ | 700-800 |
| **ഓരോ ആറ് മാസത്തിലും കൈകാര്യം ചെയ്യപ്പെടുന്ന മാലിന്യം** | |
| ചില്ല് | 15-20 ടൺ |
| ചെരുപ്പ് | 15 ടൺ |
| ബാഗ് | 6 ടൺ |
| ഇ-മാലിന്യം | 2.5 ടൺ |

മൈസൂർ, ഗുജറാത്ത്, പോണ്ടിച്ചേരി, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കാണ് പുന:ചംക്രമണത്തിനായി വിവിധ ഇനം പാഴ് വസ്തുക്കൾ കൊണ്ടുപോകുന്നത്. ബാഗുകൾ, ചെരുപ്പുകൾ പോലുള്ളവ നിലവിൽ സിമെന്റ് ഫാക്ടറികളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി നൽകുന്നു. ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു.

## ബേലിംഗിന്റെ പ്രാധാന്യം

10 ടൺ കപ്പാസിറ്റിയുള്ള ഒരു വാഹനത്തിൽ പേപ്പർ പ്ലാസ്റ്റിക് പോലുള്ള പാഴ് വസ്തുക്കൾ ബേലിംഗ് നടത്താതെ ലോഡ് ചെയ്യുമ്പോൾ ഏകദേശം 1.5 മുതൽ 2 ടൺ മാത്രമേ കയറ്റുന്നതിന് കഴിയൂ എന്നാൽ ബേലിംഗ് നടത്തുമ്പോൾ ഇത് 7-8 ടണ്ണായി ഉയർത്തുന്നതിന് കഴിയും. പ്രാദേശികമായി സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ദൂരസ്ഥലങ്ങളിലേയ്ക്ക് ഗതാഗത മാർഗ്ഗം കൊണ്ടുപോകേണ്ടതുള്ളതിനാൽ ഓരോ വാഹനത്തിലും പരമാവധി അളവ് കയറ്റി എങ്കിൽ മാത്രമേ മാലിന്യ പരിപാലനത്തിനുള്ള സാമ്പത്തിക ബാധ്യത കുറച്ചുകൊണ്ട് വരുന്നതിനും അതിലൂടെ പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയൂ. ഇതിനായി മികച്ച നിലവാരമുള്ള ബേലിംഗ് മെഷീനുകളും,

പരിശീലനം സിദ്ധിച്ച ജോലിക്കാരും ആവശ്യമാണ്. നല്ല നിലവാരമുള്ള ബേലിംഗ് മെഷീനുകൾക്ക് മാർക്കറ്റിൽ 4-4.5 ലക്ഷം വരെയാണ് വില

**എം.സി.എഫ്**

ഏകദേശം 2000 ച.കി.മി വിസ്തീർണ്ണമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയാണ് തളിപ്പറമ്പ് മുനിസിപ്പാലിറ്റി നിർമ്മിച്ചിട്ടുള്ളത്. ഇതിന് 18 ലക്ഷം രൂപ ചിലവായി. ശേഖരിച്ച് കൊണ്ടുവരുന്ന പാഴ് വസ്തുക്കൾ തരംതിരിക്കുന്നതിനും ഇനം അനുസരിച്ച് സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ട്. ഏകദേശം 10200 വീടുകൾക്കാണ്/ സ്ഥാപനങ്ങൾക്കാണ് നിലവിൽ സേവനം നൽകുന്നത്. ഇതിൽനിന്നും മാസം ഏകദേശം 7-8 ടൺ കട്ടി കുറഞ്ഞ പ്ലാസ്റ്റിക്കുകളും, ഒരു ടണ്ണോളം കട്ടിയുള്ള പ്ലാസ്റ്റിക്കുകളും 20-24 ടൺ പാഴ്കടലാസുകളുമാണ് പ്രധാനമായും ലഭിക്കുക. ഇതിന് പുറമേ 6 മാസത്തിൽ ഒരിക്കൽ ചില്ല് (15-20 ടൺ), ചെരിപ്പ് - 15 ടൺ, ബാഗ് - 6-8 ടൺ, ഇ-മാലിന്യം - 2.5 ടൺ എന്നിവ ശേഖരിക്കപ്പെടുന്നത് കൂടി ഇനം അനുസരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എം.സി.എഫിൽ ഉണ്ട്.



## തളിപ്പറമ്പിനെ മാലിന്യമുക്തമാക്കാൻ നാളെ മുതൽ ഹരിതകർമ്മ സേന

മഹമൂദ് അള്ളാംകുളം
ചെയർമാൻ

തിളക്കമേറിയ തളിപ്പറമ്പ

തളിപ്പറമ്പ്: ഹരിത കേരള മിഷന്റെ ഭാഗമായി തളിപ്പറമ്പ് നഗരസഭയെ മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മ സേന നാളെ മുതൽ പ്രവർത്തനം തുടങ്ങും. നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടനയാണ് സേനയായി പ്രവർത്തിക്കുന്നതെന്ന് തളിപ്പറമ്പ് നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മുഴുവൻ വീടുകളിലും സർവ്വേ നടത്തി ക്യൂ ആർ കോഡ് പതിച്ചു മുഴുവൻ സ്ഥാപനങ്ങളുടെയും വീടുകളുടെയും മാലിന്യ ശേഖരണം ഉറപ്പുവരുത്തും. ആദ്യമാസം മുഴുവൻ അജൈവ മാലിന്യങ്ങളും വീടുകളിൽ നിന്നും ശേഖരിക്കുന്നതിന് നഗരസഭ നിശ്ചയിച്ച 100 രൂപയാണ് ഉപഭോക്തൃ സംഖ്യ ഈടാക്കുന്നത്. തുടർന്നുള്ള മാസങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രം ശേഖരിക്കും. മൂന്ന് മാസത്തിൽ ഒരു തവണ ഗ്ലാസ് ചില്ലുകൾ തുടങ്ങിയവയും ആറു മാസത്തിലൊരിക്കൽ ഇലക്ട്രോണിക് മാലിന്യങ്ങളും വർഷത്തിൽ ഒരിക്കൽ ലതർ ബാഗ്, ചെരുപ്പ് എന്നിവയും ശേഖരിക്കും. ഇതിന് മാസത്തിൽ ഉപഭോക്തൃ സംഖ്യയായി 50 രൂപയും ഈടാക്കും.

സ്ഥാപനങ്ങളിൽ നിന്നും ഏപ്രിൽ 1 മുതൽ നഗരസഭ നിശ്ചയിച്ച വിവിധ താരിഫ് നിരക്കുകളിൽ മാലിന്യം ശേഖരിക്കും. മാലിന്യത്തിന്റെ അളവും സന്ദർശനത്തിന്റെ എണ്ണവും അടിസ്ഥാനപ്പെടുത്തിയാണ് സ്ഥാപനങ്ങളുടെ ഉപഭോക്തൃ സംഖ്യ നിശ്ചയിച്ചത്. വാർത്താ സമ്മേളനത്തിൽ വൈസ് ചെയർപേഴ്സൺ വത്സല പ്രഭാകരൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ പി. മുഹമ്മദ് ഇഖ്ബാൽ, രജനി രമാനന്ദ്, സി.ഉമ്മർ, കെ.അഫ്സത്ത്, കൗൺസിലർ കെ.വത്സരാജൻ, നഗരസഭ സെക്രട്ടറി കെ.അഭിലാഷ് പങ്കെടുത്തു.

**ആകെ വാർഡുകൾ** : **44**

**സേവനം നൽകുന്ന ആകെ വീടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം** : **15150**

വീടുകൾ : 10350

സ്ഥാപനങ്ങൾ : 4800

**യൂസർ–ഫീ നിരക്ക്**

വീടുകൾ : 50 രൂപ

സ്ഥാപനങ്ങൾ : 100 രൂപ

**സാമ്പത്തിക അവലോകനം**

**ആവർത്തനചെലവ്**

| | **വരവ്** | രൂപ | **ചെലവ്** | രൂപ |
|---|---|---|---|---|
| 1 | യൂസർ–ഫീ വരുമാനം (ശരാശരി) | 480000 | ശമ്പളം | 395000 |
| 2 | പാഴ് വസ്തു വിറ്റുകിട്ടുന്ന ശരാശരി മാസ വരുമാനം | 45000 | ഗതാഗതചെലവ് (കളക്ഷൻ) | 30000 |
| 3 | മറ്റു സ്രോതസ്സുകൾ | | ഗതാഗതചെലവ് ചരക്ക് നീക്കം | 30000 |
| 4 | | | സുരക്ഷാ ഉപകരണങ്ങൾ | 10000 |
| 5 | | | കറന്റ് ചാർജ് | 8000 |
| | | | വാഹന അറ്റകുറ്റപ്പണി | 10000 |
| | | | | |
| | **ആകെ വരവ്** | | **ആകെ ചെലവ്** | |

**മുനിസിപ്പാലിറ്റിയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആകെ ജീവനക്കാർ** : **34**

ഹരിതകർമ്മസേനാംഗങ്ങൾ (ശേഖരണം) : 24

ഡ്രൈവർ : 5

പ്ലാന്റ് ഓപ്പറേറ്റർമാർ : 4

സൂപ്പർവൈസർ : 1

**പ്രാരംഭ മുതൽമുടക്ക്**

| | **യൂണിറ്റുകൾ** | **ചെലവ്** |
|---|---|---|
| **മുനിസിപ്പാലിറ്റി** | | |
| എം.സി.എഫ് | 01 | 1800000 |
| ഷ്രെഡ്ഡിംഗ് & ബേലിംഗ് മെഷീൻ | 01 | 980000 |
| **ആകെ** | | **2780000** |
| ട്രസ്റ്റ് | | |
| വാഹനം | | 235000 |
| യൂണിഫോം | 34 | 24000 |
| പുതിയ ബേലിംഗ് മെഷീൻ | | 460000 |
| **ആകെ** | | **719000** |